പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 955 — 11.3.2015 ന് മറുപടിയ്ക്ക്.

## താനൂർ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്കുള്ള കെട്ടിടനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജക മണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ..യ്ക്ക് കെട്ടിടം നിർമ്മി ക്കുന്നതിന് സ്ഥലം ലഭ്യമായി ട്ടുണ്ടോ എന്ന് അറിയിക്കാമോ ;<br><br>(ബി) എത്ര ഭൂമിയാണ് ലഭ്യമായി ട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ)&(ബി) താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ..യ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുവാൻ ജി.ഒ. (ആർ.ടി)നം.1762/14/LSGD തീയതി 9.7.2014 പ്രകാരം ചെറിയമുണ്ടം വില്ലേജിലെ റി സർവ്വേ നം.104/07-ൽപ്പെട്ട 2.5 ഏക്കർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി സ്ഥലം വകുപ്പിന്റെ പേരിൽ കൈമാറി ലഭിച്ചിട്ടില്ല. |
| (സി) കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (സി & (ഡി) കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. അധികൃതരിൽ നിന്നുമുള്ള 4.77 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രിൻസിപ്പാൾ സമർപ്പിച്ചിരുന്നു വെങ്കിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം 3.59 കോടി രൂപ, നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കണമെന്നും അതോടൊപ്പം പി.ഡബ്ല്യു.ഡി.യിൽ നിന്നും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ശേഖരിക്കണമെന്നുമുള്ള വ്യവസ്ഥയിൽ ജി.ഒ. (ആർ.ടി)നം.1289/14/തൊഴിൽ തീയതി 18.9.2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സ്ഥലം റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള നടപടി പ്രിൻസിപ്പാൾ സ്വീകരിച്ചുവരുന്നു. |
| (ഇ) പ്രവൃത്തിക്ക എന്നത്തേയ്ക്ക് തുടക്കം കുറിക്കാനാകുമെന്ന് വിശദമാക്കാമോ ? | (ഇ) സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ